**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3245**

**14-7-2015** ലെ മറുപടിക്ക്

**<u>വായ്പാ പലിശ നിരക്ക്</u>**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. അൻവർ സാദത്ത് | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ** |
| ,, എം.എ.വാഹീദ് | (സഹകരണവും ഖാദിഗ്രാമ |
| ,, ടി.എൻ.പ്രതാപൻ | വ്യവസായവും വകുപ്പ് മന്ത്രി) |
| ,, ലൂഡി ലൂയിസ് | |

| | |
| --- | --- |
| എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും നൽകുന്ന വിവിധ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ 15% ആയും, സ്വർണ്ണപണയ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 12% ആയും നിജപ്പെടുത്തികൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം വായ്പകൾക്കാണ് പലിശ നിരക്ക് കുറച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ്, മോർട്ട്ഗേജ് / ഭൂസ്വത്ത് വാങ്ങാൻ, സാധാരണ വായ്പ, ബിസിനസ് വായ്പ, വ്യവസായ വായ്പ, സ്വർണപണയ വായ്പ എന്നിവയ്ക്ക് 30.5.2014 മുതൽ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. |
| സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധക മായിട്ടുള്ളത് ; | (സി) സംസ്ഥാന സഹകരണ ബാങ്കിനും , ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്കുമാണ് ഈ നിരക്കുകൾ ബാധകമായിട്ടുള്ളത്. |
| ഡി) ഏത് തീയിതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) പുതുക്കിയ വായ്പാ പലിശ നിരക്കുകൾക്ക് 30.05.2014 മുതലാണ് പ്രാബല്യമുള്ളത്. |

**സെക്ഷൻ ഓഫീസർ**